# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 3190 | 22.06.2012-ൽ മറുപടിക്ക് |
|---|---|

**സാമൂഹ്യക്ഷേമ വകുപ്പിൽ പുതിയ തസ്തികകൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എം.എ.ബേബി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നുവെന്നറിയിക്കാമോ; | ഐ.സി.ഡി.എസ്-നു് വേണ്ടി കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് സൃഷ്ടിച്ച 574 തസ്തികകൾ അടക്കം മൊത്തം 596 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിലെ പ്രവേശന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സത്വര നടപടി സ്വീകരിക്കുമോ; | പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും ഈ സർക്കാർ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഐ.സി.ഡി.എസ്-നു് പ്രത്യേകം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ തസ്തികയും, 11 (പതിനൊന്ന്) സീനിയർ സൂപ്രണ്ട് തസ്തികയും, 7 (ഏഴ്) എൽ.ഡി.ക്ലാർക്ക് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സമർപ്പിക്കപ്പെട്ട റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശ പ്രകാരം അനന്തര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ